(19) കാസർകോഡ് മണ്ഡലത്തിലെ എം.എൽ.എ. റോഡുകൾ

ശ്രീ. സി. ടി. അഹമ്മദ് അലി: സർ, കാസർകോഡ് നിയോജകമണ്ഡലത്തിലെ രണ്ട് എം. എൽ. എ. റോഡുകളും ഇന്നും പണി പൂർത്തിയാകാതെ കിടക്കുകയാണ്. പെരുംപളകടവ്–നായമാർമൂല, ആലംപാടി–എടപ്പക്കട്ട എന്നിവിടങ്ങളിലെ റോഡിന്റെ ഒന്നാംഘട്ടം പണി പൂർത്തിയായി. രണ്ടാം ഘട്ടമെന്ന നിലയിൽ തോടിന് ചെറിയൊരു പാലം നിർമ്മിച്ചാൽ മാത്രമേ ആ റോഡിന്റെ പ്രയോജനം ലഭിക്കുകയുള്ളൂ. അതിന്റെ പണി ഇന്നുവരെ ആരംഭിച്ചിട്ടില്ല. അടിയന്തിരമായി ഈ പാലത്തിന്റെ നിർമ്മാണം ആരംഭിക്കുമോ? രണ്ടാം എം. എൽ. എ. റോഡായ വേവിഞ്ഞ ആലൂർ റോഡിന്റെ ഒന്നാം ഘട്ടം പണി വർഷങ്ങളോളമായി പൂർത്തീകരിക്കാത്ത സാഹചര്യത്തിലാണ്. അടിയന്തിരമായി രണ്ട് എം. എൽ. എ. റോഡിന്റെയും പണി പൂർത്തീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കാൻ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

മരാമത്തു വകുപ്പുമന്ത്രി (ശ്രീ. ടി. കെ. ഹംസ): സർ, രണ്ടും എം. എൽ. എ. റോഡുകളാണ്. എം. എൽ. എ. റോഡുകളെ സംബന്ധിച്ചിടത്തോളം അത് അനുവദിക്കുന്ന കാലത്തുതന്നെ ഘട്ടംഘട്ടമായി ആരംഭിക്കാനുള്ള നിബന്ധനയുണ്ട്. 20 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ്സിൽ ഒതുങ്ങി നിൽക്കുക. 1–ാം ഘട്ടത്തിന്റെ പണി അവസാനിച്ചാൽ രണ്ടാംഘട്ടം ആരംഭിക്കും. രണ്ട് റോഡിന്റെയും ഒന്നാം ഘട്ടം പണി നടന്നുവരുന്നുണ്ട്. അത് തീരുന്ന മുറയ്ക്ക് രണ്ടാം ഘട്ടങ്ങളുടെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനെപ്പറ്റി ആലോചിക്കാവുന്നതാണ്.

(20) ശൂരനാട് പി. എച്ച്. സെന്റർ

ശ്രീ. ടി. നാണു മാസ്റ്റർ: സർ, ശൂരനാട് സൗത്ത് പഞ്ചായത്തിൽ 16 കൊല്ലമായി പ്രവർത്തിക്കുന്ന പ്രൈമറി ഹെൽത്ത് സെന്ററിന്റെ പ്രവർത്തനം മൂന്നുനാലു കൊല്ലമായി വളരെ ശോചനീയാവസ്ഥയിൽ നിൽക്കുകയാണ്. അവിടെ ആവശ്യത്തിന് മരുന്നില്ല, ഡോക്ടറെ പോസ്റ്റു ചെയ്താൽ സ്ഥിരമായി നിൽക്കുന്നില്ല. എന്നാൽ ക്വാർട്ടേഴ്സും മറ്റ് സൗകര്യങ്ങളുമുണ്ട്. ക്വാർട്ടേഴ്സിൽ വെള്ളത്തിന്റെ സൗകര്യമില്ല, വെളിച്ചമുണ്ട്. സ്റ്റാഫ് ആവശ്യത്തിനുണ്ടെങ്കിലും ഡോക്ടർ ഇല്ലാത്തതുകൊണ്ടും മരുന്നില്ലാത്തതുകൊണ്ടും ഈ സെന്ററിന്റെ സേവനം കിട്ടാതെ പൊതുജനങ്ങൾ നാലുകൊല്ലമായി വളരെ വിഷമതയിലാണ്. അതെല്ലാം ലഭ്യമാക്കുന്നതിനുവേണ്ടി അടിയന്തിര നടപടി എടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. എ. സി. ഷൺമുഖദാസ്): സർ, ശൂരനാട് സൗത്ത് പഞ്ചായത്തിലെ പ്രൈമറി ഹെൽത്ത് സെന്ററിൽ ഡോക്ടറുടെ തസ്തിക ഒഴിഞ്ഞു കിടക്കുകയാണ്. നവംബർ 16–ാം തീയതി പി. എസ്. സി. മുഖേന ഡോക്ടറെ നിയമിച്ചു. പക്ഷേ അദ്ദേഹം പി. ജി. കോഴ്സിനു പോയി. വീണ്ടും 27–3–1991–ന് ആ പോസ്റ്റിൽ പി. എസ്. സി. ലിസ്റ്റ് പ്രകാരം ഡോക്ടറെ അപ്പോയിന്റ് ചെയ്തിട്ടുണ്ട്. ചാർജ് എടുത്തോയെന്ന് അറിഞ്ഞുകൂടാ. അവിടെ മരുന്നില്ലായെന്ന് പറയുന്നത് ശരിയല്ല. അവിടെ 56,850 രൂപയുടെ മരുന്ന്

LIBRARY ARCHIVES Kerala Legislative Assembly

ഇക്കൊല്ലം കൊടുത്തിട്ടുണ്ട്. ഇതൊരു മിനി പ്രൈമറി ഹെൽത്ത് സെന്റർ ആണ്. കിടത്തി ചികിത്സിക്കുന്ന സ്ഥാപനമല്ല. 56,850 രൂപയുടെ മരുന്ന് കൊടുത്തുവെന്ന് പറഞ്ഞാൽ അവിടെ ചികിത്സ നടന്നിരുന്നുവെന്നർത്ഥം. ഡോക്ടർ ലീവെടുത്ത് പോയെങ്കിലും താൽക്കാലികമായി ഡോക്ടറുടെ വർക്ക് അറേഞ്ച്മെന്റിൽ ഒരു ഡോക്ടറെ അവിടെ നിയമിച്ചിട്ടുണ്ട്.

(21) പരപ്പനങ്ങാടി പ്രദേശത്തെ വോൾട്ടേജ് ക്ഷാമം

ശ്രീ. സി. പി. കുഞ്ഞാലിക്കുട്ടി കേയി: സർ, ഈ സഭയിൽ വന്നതുമുതൽ ഞങ്ങളുടെ പ്രദേശത്തെ വോൾട്ടേജ് ക്ഷാമത്തെക്കുറിച്ച് ഉന്നയിക്കുകയാണ്. ആദ്യകാലം മുതൽ ബഹുമാനപ്പെട്ട മന്ത്രിയോടും ഗവൺമെന്റിനോടും പറയുന്നതാണ്. ആദ്യം ഇടപ്പാൾ സബ് സ്റ്റേഷൻ വരുമ്പോൾ ശരിയാകുമെന്നു പറഞ്ഞു, പിന്നെ ചേളാരി സബ് സ്റ്റേഷൻ വന്നാൽ ശരിയാവുമെന്നു പറഞ്ഞു, ഇപ്പോൾ ഇടപ്പാളും ചേളാരിയും പോയി. ഇപ്പോൾ ഒന്നും നടക്കുന്നില്ല. ഇപ്പോൾ ഉള്ള സ്ഥിതിയുടെ കണക്ക് 25-3-1991-ൽ സ്മാൾ സ്കെയിൽ ഇൻഡസ്ട്രീസുകാരുടെ ഹർജി കൊടുത്തിട്ടുണ്ട്. അതിൽ അവർ കൊടുത്ത കണക്ക് 6 മണി മുതൽ 12 മണിവരെ 250 വോൾട്ടേജ്, 12 മണിമുതൽ 2 മണിവരെ 310 വോൾട്ടേജ്, 2 മണിമുതൽ 6 മണിവരെ 320 വോൾട്ടേജ്, 6 മണിമുതൽ 11 മണിവരെ 90 വോൾട്ടേജ്, ഈ സമയത്താണ് കുട്ടികൾക്ക് പഠിക്കണം, ഇൻഡസ്ട്രീസും പ്രവർത്തിപ്പിക്കണം. തിരൂരിൽനിന്നും പരപ്പനങ്ങാടിവരെയുള്ള സബ് സ്റ്റേഷനും വളരെയധികം ദൂരമുണ്ട്. ഇടയ്ക്ക് പരപ്പനങ്ങാടിയിൽകൂടി ഒരു സബ്സ്റ്റേഷൻ തുടങ്ങിയാൽ കുറെയൊക്കെ വ്യത്യാസപ്പെടും. ചേളാരിയിലെ പണി ഉടനടി തീർക്കാൻവേണ്ടി പരിശ്രമിക്കുന്നുണ്ട്. അതോടൊപ്പംതന്നെ ചെറുകിട ജലസേചന പദ്ധതികൾക്ക് പോസ്റ്റില്ലായെന്ന കാരണത്താൽ വൈദ്യുതി കണക്ഷൻ കൊടുക്കുന്നില്ല. ഈ കാര്യത്തിൽ അടിയന്തിരമായി അന്വേഷിച്ച് വേണ്ടത് ചെയ്തുതരണമെന്നാണ് എനിക്കു പറയാനുള്ളത്: ഇതിനിടയിൽ മന്ത്രിയും ഗവൺമെന്റുമൊക്കെ മാറും, എങ്കിലും ഇതിനൊരു പരിഹാരമുണ്ടാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

വൈദ്യുതി മന്ത്രിയും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ): അടുത്തുതന്നെ മന്ത്രി മാറുമെന്ന് പറഞ്ഞിട്ട് ഈ സബ്മിഷൻ തരുന്നതിലെന്താണർത്ഥം. ഗവൺമെന്റ് ശാശ്വതമല്ലേ. പരപ്പനങ്ങാടിയിൽ ഒരു 110 കെ. വി. സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനെ സംബന്ധിച്ചുള്ള ആവശ്യങ്ങളെ സംബന്ധിച്ചു സാങ്കേതിക പഠനത്തിനുശേഷം ആവശ്യമെന്നു തെളിഞ്ഞാൽ സബ്സ്റ്റേഷൻ സ്ഥാപിക്കുവാനുള്ള നടപടികളും കൈക്കൊള്ളുന്നതാണ്.

(22) ഓട് വ്യവസായം നേരിടുന്ന പ്രതിസന്ധി

ശ്രീ. ബാബു ദിവാകരൻ: സർ, കൊല്ലം ജില്ലയിലെ ഓട് വ്യവസായം ഇന്ന് പ്രതിസന്ധിയിലാണ്. അവിടെ അതിനാവശ്യമായ ചെളി ലഭ്യമാകുന്നില്ല. വിറകിന്റെ വില വർദ്ധിച്ചതുമൂലം അതിന് ബുദ്ധിമുട്ടുണ്ടായിരിക്കുന്നു. തൃശൂരിലേയും കൊല്ലത്തെയും കൂലി വ്യവസ്ഥയിലുള്ള വ്യത്യാസം ഇതിനെ ബാധിച്ചിട്ടുണ്ട്. പല ഓടു കമ്പനികളും ഇന്ന് അടഞ്ഞുപോകുകയാണ്. അതുകൊണ്ട് തൊഴിലാളികൾക്ക് ജോലി നഷ്ടപ്പെടുന്നു, അവരുടെ ആനുകൂല്യങ്ങൾ ഇപ്പോൾ ലഭ്യമാകാതിരി

LIBRARY ARCHIVES Kerala Legislative Assembly